പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1564 06.03.2020-ലെ മറുപടിക്ക്

# സംസ്ഥാനത്തെ റോഡപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റോഡപകടങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നില്ലായെന്ന് 2019-ലെ SCRB ഡാറ്റാ പരിശോധിക്കുമ്പോൾ ബോധ്യപ്പെടുന്നുണ്ട്. 2019-ലെ ചെറുതും വലുതും ആയ റോഡ് അപകടങ്ങളുടെ കണക്കെടുക്കുമ്പോൾ മുൻ വർഷത്തേതിൽ നിന്നും വർദ്ധന നിരക്ക് ഏതാണ്ട് പകുതിയായി കുറഞ്ഞതായി കാണാവുന്നതാണ്. |
| (ബി) | മറ്റ് സംസ്ഥാനങ്ങളേക്കാൾ റോഡപകട നിരക്ക് കേരളത്തിൽ കൂടുതലാണോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഇന്ത്യയിൽ ആകമാനമുള്ള റോഡപകടങ്ങൾ കണക്കിലെടുക്കുമ്പോൾ, അപകട വർദ്ധന നിരക്കിൽ മറ്റ് സംസ്ഥാനങ്ങളെ പരിഗണിച്ചാൽ കേരളം പതിനാറാം സ്ഥാനത്താണ്. |
| (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (സി) | റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ റോഡ് സുരക്ഷക്കായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1) <u>സേഫ് കേരള പദ്ധതി</u><br>കേരളത്തിലെ റോഡുകളെ അപകട വിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള സേഫ് കേരള എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് 85 പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ സ്ക്വാഡുകൾ കേരളത്തിലെ പ്രധാന റോഡുകളിലും അപകട സാധ്യതയുള്ള മേഖലകളിലും 8 മണിക്കൂർ വീതമുള്ള 3 ഷിഫ്റ്റുകളിലായി എല്ലാ ദിവസവും പട്രോളിംഗ് നടത്തി വരുന്നു. നിയമലംഘനങ്ങൾക്കെതിരെ ലൈസൻസ് റദ്ദ ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | 2) <u>ശബരിമല സേഫ് സോൺ</u><br>ഉത്സവകാലത്തെ ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ചു നടപ്പിലാക്കുന്ന പദ്ധതി.<br><br>3) <u>ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ</u><br>കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്-പൊതുമരാമത്ത് - മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിയ്ക്കുകയും തുടർനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.<br>4) <u>മാതൃകാ സുരക്ഷാ വീഥി</u><br>സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ - കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിനായി പരിഗണനയിലുള്ള ചില പദ്ധതികൾ താഴെ പറയുന്നു.<br>1. തൃശ്ശൂർ - കുന്നംകുളം റോഡ് (24 കി.മീ)<br>2. എറണാകുളത്തെ ഇ-യാത്ര പദ്ധതി (വൈപ്പിൻ - മുനമ്പം)<br>3. കൊട്ടിയം - കുണ്ടറ (17 കി.മീ.)<br>4. മെഡിക്കൽ കോളേജ് - പേട്ട, തിരുവനന്തപുരം<br>5. വെള്ളയമ്പലം - തമ്പാനൂർ, തിരുവനന്തപുരം<br>6. പാവങ്ങാട് - കോരപ്പുഴ, കോഴിക്കോട് (5.5 കി.മീ.)<br><br>5) <u>ബോധവൽക്കരണ പരിപാടികൾ</u><br>റോഡ് സുരക്ഷാ വാരാചരണം എഫ്.എം ഓൾ ഇന്ത്യ റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് |

| | | | |
|---|---|---|---|
| | | | സ്കൂളുകൾക്കും നൽകുന്ന പരിശീലന / ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ / കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി - ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡു സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.<br>6) <u>റോഡ് സുരക്ഷാ വാരാചരണം</u><br>റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ / പരിശീലന പരിപാടികൾ, കാഴ്ചകുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം 2020 ജനവരി 11 മുതൽ 17 വരെ ആയിരുന്നു.<br>7) <u>സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധ പരിപാടി</u><br>കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പ് 2019 ജൂൺ 10 മുതൽ 14 വരെ സംഘടിപ്പിച്ചു. സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. അദ്ധ്യാപകർ, പി.റ്റി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകുകയുണ്ടായി. കൂടാതെ സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br>കേരള റോഡ് സുരക്ഷാ അതോറിറ്റി SCERT-യുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ അവബോധം നൽകു |

| | | | |
|---|---|---|---|
| | | | ന്നതിനായി റോഡ് സുരക്ഷിത യാത്ര എന്ന കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | 2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെ റോഡപകടങ്ങളിൽ മരിച്ച വരുടെ എണ്ണം ജില്ലതിരിച്ച് വെളി പ്പെടുത്താമോ; | (ഡി) | 2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെ റോഡപകടങ്ങളിൽ മരണപ്പെട്ട എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | 2019-ൽ മരണപ്പെട്ട വരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 547 |
| കൊല്ലം | 440 |
| പത്തനംതിട്ട | 170 |
| ആലപ്പുഴ | 409 |
| കോട്ടയം | 281 |
| എറണാകുളം | 492 |
| ഇടുക്കി | 106 |
| തൃശ്ശൂർ | 413 |
| പാലക്കാട് | 397 |
| മലപ്പുറം | 364 |
| കോഴിക്കോട് | 381 |
| വയനാട് | 78 |
| കണ്ണൂർ | 243 |
| കാസറഗോഡ് | 119 |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത കാലയളവിൽ ഇരുചക്ര വാഹനാപകടങ്ങളിൽ മരിച്ചവരുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കാ മോ? | (ഇ) | പ്രസ്തുത കാലയളവിൽ ഇരുചക്ര വാഹനാ പകടങ്ങളിൽ മരണപ്പെട്ട എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | 2019-ൽ മരണപ്പെട്ട വരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 403 |
| കൊല്ലം | 333 |
| പത്തനംതിട്ട | 110 |
| ആലപ്പുഴ | 283 |
| കോട്ടയം | 181 |
| എറണാകുളം | 339 |
| ഇടുക്കി | 51 |

| | | | | |
|---|---|---|---|---|
| | | | തൃശ്ശൂർ | 281 |
| | | | പാലക്കാട് | 282 |
| | | | മലപ്പുറം | 248 |
| | | | കോഴിക്കോട് | 277 |
| | | | വയനാട് | 47 |
| | | | കണ്ണൂർ | 172 |
| | | | കാസറഗോഡ് | 82 |

**സെക്ഷൻ ഓഫീസർ**